(ബി) എൽ.ഐ.സി.-യിൽ നിന്നും ലഭിക്കേണ്ട ആകെ വായ്പ തുക 463.00 ലക്ഷം രൂപയാണ്. ഇതിൽ 188.28 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ബാക്കി 274.72 ലക്ഷം രൂപ ലഭിക്കാനുണ്ട്.

(സി) ഈ പദ്ധതിയുടെ പുതുക്കിയ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

(ഡി) 2006 ഡിസംബറിനകം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ സൂക്ഷ്മ പരിശോധനക്കുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കൊല്ലംതോടിന്റെ ശുചീകരണം

60 [2777] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലംതോട് ശുചീകരിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാതിരിക്കാൻ തോട് ശുചീകരണത്തിന് ആവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലംതോട് ശുചീകരിക്കുന്നതിനും തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും ചീഫ് എഞ്ചിനീയർ സമർപ്പിച്ച 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണി ഏറ്റെടുക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്.

ഭാരതപ്പുഴയിൽ ദേശമംഗലത്ത് തടയണ നിർമ്മിക്കുന്നതിന് പദ്ധതി

61 [2778] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പുതുതായി ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ ഏതെങ്കിലുമുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കടങ്ങോട് ശുദ്ധജല പദ്ധതിയുടെ ജലസ്രോതസ്സായ ഭാരതപ്പുഴയിൽ ദേശമംഗലത്ത് തടയണ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. പി. എം. ജി. വൈ. ചിക്കണ്ട, കുട്ടൻചേരി വാട്ടർ സപ്ലൈ സ്കീം (എം.എൽ.എ. ഫണ്ട് ഉപയോഗിച്ച്) എന്നിവ പുതുതായി ഏറ്റെടുത്ത കുടിവെള്ള പദ്ധതികളാണ്. കൂടാതെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം 18 വർക്കുകൾ നടന്നുവരുന്നു. ഇതിനു പുറമെ കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി വഴിയും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) കടങ്ങോട് ശുദ്ധജലവിതരണം പദ്ധതിയിൽ ഒരു തടയണ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്.

(ഡി) ഇല്ല.

വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

62 [2782] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകളിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു;

(ബി) വിവിധ തസ്തികകളിലേക്ക് പി.എസ്.സി.-യിൽ നിന്നും എത്ര നിയമന ശുപാർശ ലഭിച്ചിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) അതിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കോടതി വിധിയെത്തുടർന്ന് എത്ര പേർക്ക് നിയമനം നൽകി; വിവരം തസ്തിക തിരിച്ച് വിശദമാക്കുമോ;

(ഇ) വാട്ടർ അതോറിറ്റി ധവളപത്രം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ;

(എഫ്) വാട്ടർ അതോറിറ്റിയുടെ എത്ര സ്കീമുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്;

(ജി) വാട്ടർ അതോറിറ്റി കൈമാറിയ സ്കീമുകൾ ഔദ്യോഗികമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത സ്കീമുകളിലെ ജീവനക്കാരെ എപ്രകാരം വിന്യസിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്?

ഉത്തരം

(എ) എൽ.ഡി.സി. .. 35 എണ്ണം
എൽ.ഡി. ടൈപ്പിസ്റ്റ് .. 49 ,,
വ്യൂൺ .. 74 ,,

LIBRARY ARCHIVES Kerala Legislative Assembly